**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4230**

**12.11.2019 ൽ മറുപടിയ്ക്ക്**

## സംസ്ഥാന യുവജന കമ്മീഷൻ

**ചോദ്യം**

**ശ്രീ.എ. എൻ. ഷംസീർ**
**,, കെ.ജെ. മാക്സി**
**പ്രൊഫ.കെ.യു. അരുണൻ**
**ശ്രീ.എം. രാജഗോപാലൻ :**

**മറുപടി**

**ശ്രീ.ഇ.പി.ജയരാജൻ**
**(ബഹു.വ്യവസായവും,ടെക്സ്റ്റൈൽസും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് യുവജനങ്ങളുടെ സമഗ്ര വികസനത്തിനായി കേരള സംസ്ഥാന യുവജന കമ്മീഷൻ എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് യുവജനങ്ങളുടെ സമഗ്ര വികസനത്തിനായി കേരള സംസ്ഥാന യുവജന കമ്മീഷൻ താഴെ പറയുന്ന നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br>1. മദ്യം, മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരെ യുവജനങ്ങൾക്ക് ബോധവത്ക്കരണം നൽകുക ഭരണഘടനാ സംരക്ഷണ സദസ്സുകൾ .<br>2. എസ്.സി/എസ്.റ്റി കോളനികളിലും മറ്റ് പിന്നോക്ക മേഖലകളിലെയും യുവജനങ്ങൾക്കായി ആരോഗ്യ ക്യാമ്പുകൾ ഉൾപ്പെടെയുള്ള വിവിധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ.<br>3. വിവിധ മേഖലകളിലെ മികവ് കണ്ടെത്തി യുവജനങ്ങൾക്ക് ഏർപ്പെടുത്തിയ യൂത്ത് ഐക്കൺ അവാർഡ്.<br>4. യുവജനങ്ങളുടെ പ്രശ്ന പരിഹാരത്തിനായി ജില്ലകളിൽ അദാലത്തുകളും സിറ്റിംഗുകളും .<br>5. ദേശീയ സെമിനാർ/ജില്ലാ സെമിനാർ.<br>6. പാരിസ്ഥിതിക പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമായി ഗ്രീൻ യൂത്ത്/വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പദ്ധതികൾ, ജോബ് ഫെസ്റ്റ്.<br>7. യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ-യുവാക്കൾക്ക് സൗജന്യ നിയമസഹായം നൽകാൻ.<br>8. ദേശീയ യുവജനദിനാഘോഷം.<br>9. സാംസ്കാരിക വിനിമയ പരിപാടി<br>10. പാർശ്വവത്കൃത യുവജനങ്ങളുടെ ശാക്തീകരണം |

| | | | |
|---|---|---|---|
| (ബി) | മദ്യം, മയക്കമരുന്ന്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവ സംബന്ധിച്ച് യുവജനങ്ങൾക്ക് ബോധവൽക്കരണം നൽകുന്നതിനായി എല്ലാ ജില്ലകളിലും സന്നദ്ധപ്രവർത്തകരെ തെരഞ്ഞെടുത്ത് പരിശീലനം നൽകി വരുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. ഇതിനായി സംസ്ഥാനത്തുള്ള വിവിധ കോളേജുകൾ, ക്ലബ്ബുകൾ, വായനശാലകൾ തുടങ്ങി യുവാക്കൾക്ക് പ്രാതിനിധ്യമുള്ള സ്ഥലങ്ങളിൽ സെമിനാറുകൾ, ചർച്ചാ ക്ലാസുകൾ, ബോധവത്ക്കരണ ഹ്രസ്വ ചിത്രങ്ങൾ തുടങ്ങി നിരവധി പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷം കേരള സംസ്ഥാന യുവജന കമ്മീഷൻ കേരള സംസ്ഥാന ലൈബ്രറി കൗൺസിലുമായി സഹകരിച്ച് സംസ്ഥാനത്തുടനീളം ട്രൈബൽ ലൈബ്രറികൾ ഉൾപ്പെടെയുള്ള സംസ്ഥാന ലൈബ്രറികളിൽ ഭരണഘടനാ സദസ്സുകൾ ഉൾപ്പെടെയുള്ള ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലേർപ്പെടുന്നതും ടി സന്നദ്ധ പ്രവർത്തകരുടെ ചുമതലയാണ്. |
| (സി) | യുവജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, അവർക്കാവശ്യമായ നിയമസഹായം നൽകുന്നതിനും യുവജനകമ്മീഷൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | യുവജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവർക്ക് ആവശ്യമായ നിയമസഹായം നൽകുന്നതിനുമായി എല്ലാ മാസവും കമ്മീഷൻ ഓഫീസിൽ നേർവിചാരണകളും സംസ്ഥാനത്തുടനീളം അദാലത്തുകളും സംഘടിപ്പിക്കുന്നതിനു പുറമേ യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നിയമ വിദഗ്ധരുടെ സൗജന്യ നിയമസഹായം യുവജനങ്ങൾക്ക് ടോൾഫ്രീ നമ്പർ മുഖാന്തിരം ലഭ്യമാക്കുന്ന ഒരു പദ്ധതിയാണിത്. |

സെക്ഷൻ ഓഫീസർ